# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം 3851 19.2.2013 ൽ മറുപടിക്ക്

**പോലീസ് വകുപ്പിൽ കായികതാരങ്ങൾക്ക് നിയമനം**

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | മറുപടി<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| --- | --- |
| എ) പോലീസ് വകുപ്പിൽ കായിക താരങ്ങൾക്ക് ഏതെല്ലാം തസ്തികകളിൽ നിയമനം നടത്താറുണ്ടെന്ന് വ്യക്തമാക്കാമോ;<br>ബി) ഏതെല്ലാം കായിക ഇനങ്ങളിൽ പങ്കെടുത്തവരെയാണ് നിയമനത്തിനായി പരിഗണിക്കുന്നതെന്നും ഇതിനുള്ള മാനദണ്ഡമെന്തെന്നും വ്യക്തമാക്കാമോ; | (എ) യും, (ബി) യും പോലീസ് വകുപ്പിൽ കായിക താരങ്ങൾക്ക് സായുധ ബറ്റാലിയനിലെ ഹവീൽദാർ തസ്തികയിലാണ് നേരിട്ട് നിയമനം നൽകാറുള്ളത്. വ്യക്തമായ മാനദണ്ഡങ്ങളുടെയും നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിലാണ് സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ നടത്തുന്നത്. വകുപ്പിന് ഭാവിയിൽ മുതൽക്കൂട്ടാവുന്നതും നിലവിൽ കായികരംഗത്ത് ശോഭിക്കുന്നവരെയും മാത്രമാണ് യോഗ്യതയുടെ അടിസ്ഥാനത്തിൽ സ്പോർട്ട്സ് ക്വാട്ടാ മുഖാന്തിരം പരിഗണിക്കുന്നത്. സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിലൂടെ അപേക്ഷ ക്ഷണിച്ചാണ് സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ നടത്തുന്നത്. വളരെ പരിമിതമായ ഒഴിവുകൾ മാത്രമാണ് ഇപ്രകാരം മാറ്റിവച്ചിട്ടുള്ളത്. ഓരോ വർഷവും ഉണ്ടാകുന്ന ഒഴിവുകളിലേക്ക് അപേക്ഷിക്കുന്ന |

| | |
|---|---|
| | മികച്ച നേട്ടം കൈവരിച്ചിട്ടുള്ളവരെ, മുൻഗണനാക്രമത്തിൽ പട്ടിക തയ്യാറാക്കിയാണ് നിയമനത്തിനായി തെരഞ്ഞെടുക്കുന്നത്. സംസ്ഥാന തലത്തിലോ, ദേശീയതലത്തിലോ പങ്കെടുത്തുവെന്ന കാരണത്താൽ മാത്രം സർക്കാർ സർവ്വീസിൽ സ്പോർട്സ് ക്വാട്ടായിൽ നിയമനം നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവിലുള്ള കായികയിനങ്ങളിൽ സെലക്ഷൻ ട്രയിൽസ് നടത്തിയാണ് പോലീസിന്റെ സായുധ സേനാ ബറ്റാലിയനുകളിൽ ഹവീൽദാർ തസ്തികയിൽ കായിക താരങ്ങളെ നിയമിക്കുന്നത്. അപേക്ഷ ക്ഷണിക്കുന്ന വർഷത്തിനു മുമ്പുള്ള രണ്ട് വർഷത്തിൽ സംസ്ഥാനത്തെയോ സർവ്വകലാശാലയേയോ, ദേശീയ തലത്തിലോ, അന്തർ സർവ്വകലാശാലാതലത്തിലോ സോൺ/ജൂനിയർ/യൂത്ത്/സീനിയർ സ് ക്കൂൾ ചാമ്പ്യൻഷിപ്പ് വിഭാഗങ്ങളിൽ പ്രതിനിധീകരിച്ചിട്ടുള്ള കായിക താരങ്ങളെ അവരുടെ യോഗ്യതയുടെ അടിസ്ഥാനത്തിലാണ് നിയമനത്തിനായി പരിഗണിക്കുന്നത്. ഇതിലേയ്ക്കുള്ള കുറഞ്ഞ വിദ്യാഭ്യാസ യോഗ്യത +2 പരീക്ഷാ പാസ്സായിരിക്കേണ്ടതും പ്രായം 18 നും 23 നും മദ്ധ്യേയായിരിക്കുകയും വേണം. |
| സി) കായിക ഇനമായ ഹോക്കി മത്സരയിനങ്ങളിൽ പങ്കെടുത്തവരെ മികവിന്റെ അടിസ്ഥാനത്തിൽ പോലീസിൽ നിയമനം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (സി) ഇല്ല. |

| | |
|---|---|
| ഡി) ഇല്ലെങ്കിൽ, ജില്ലാ സംസ്ഥാന ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികവ് തെളിയിച്ച ഹോക്കി കളിക്കാർക്ക്, പോലീസ് വകുപ്പിൽ നിയമനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | ഡി) സ്പോർട്സ് ക്വാട്ടാ മുഖാന്തിരം നിയമനത്തിനായി പരിഗണിക്കുന്നതിന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അപേക്ഷിക്കാവുന്നതും മികവിന്റെ അടിസ്ഥാനത്തിൽ പട്ടിക തയ്യാറാക്കി മുൻഗണനാ ക്രമത്തിൽ നിയമനം നടത്തുന്നതുമാണ് നിലവിലെ രീതി. |

സെക്ഷൻ ഓഫീസർ.